'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ്-പെരുമ്പാവൂർ നഗരസഭ-ചെയർപേഴ്സന്റെ ഔദ്യോഗിക ആവശ്യത്തിന് വാഹനം വാങ്ങിയ നടപടിയ്ക്ക് സാധൂകരണം നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു

**തദ്ദേശ സ്വയംഭരണ(ഡി.ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.2700/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 29/11/2019

പരാമർശം:- പെരുമ്പാവൂർ നഗരസഭ ചെയർപേഴ്സന്റെ 27/09/2019 ലെ PW4-15804/17 നമ്പർ കത്ത്

<u>**ഉത്തരവ്**</u>

പെരുമ്പാവൂർ നഗരസഭ ചെയർപേഴ്സൺ ഉപയോഗിച്ച് വന്നിരുന്ന KL - 7 - 40 - E - 3003 നമ്പർ അംബാസിഡർ കാറിന് അടിക്കടി തകരാറുകൾ വരുന്നതും ദൂരെയാത്രയ്ക്ക് അനുയോജ്യമല്ലാത്ത സാഹചര്യത്തിലും ടി വാഹനം അറ്റകുറ്റപ്പണി നടത്തുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയതിൽ 1,73,000/- രൂപ ചെലവ് വരുന്നതായി കണക്കാക്കിയിരുന്നതിനാലും PWD മെക്കാനിക്കൽ അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ, ചാലക്കുടി വാഹനം പരിശോധിച്ചതിൽ കാലപ്പഴക്കവും തേയ്മാനവും മൂലം വാഹനത്തിന് റിപ്പയറിംഗ് നടത്തേണ്ടി വരുമെന്നതിനാലും ഭീമമായ തുക ചെലവഴിച്ച് വാഹനം റിപ്പയറിംഗ് നടത്തുന്നത് ലാഭകരമല്ലായെന്ന് വിലയിരുത്തുകയും ചെയ്തതിനാലും നഗരകാര്യ ഡയറക്ടർ പഴയ വാഹനം ലേലം ചെയ്ത് പുതിയ വാഹനം വാങ്ങുന്നതിന് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ ടി വാഹനം ലേലം ചെയ്യുകയും ചെയർമാന്റെ ഔദ്യോഗിക ആവശ്യത്തിന് കുറഞ്ഞ മെയിന്റനൻസ് ചെലവും ദീർഘകാല പ്രവർത്തനവും പരിഗണിച്ച് Govt. E-Market വഴി ഇന്നോവ ക്രിസ്റ്റ (Base Model) 2.4G വാഹനം വാങ്ങുന്നതിന് തീരുമാനിക്കുകയും വാഹനം വാങ്ങുകയും ചെയ്തിട്ടുണ്ട്. ആയതിന് വാഹനത്തിന്റെ വില ഇനത്തിൽ 12,98,023/- രൂപയും രജിസ്ട്രേഷൻ ഫീസ് 1,31,470/- രൂപയും അഡീഷണൽ ഫിറ്റിംഗ് 90,390/- രൂപയും എന്നിങ്ങനെ ചെലവ് വന്നിട്ടുള്ളതാണ്. നഗരസഭയുടെ പ്രസ്തുത നടപടിയ്ക്ക് സാധൂകരണം നൽകണമെന്ന് പരാമർശ കത്ത് പ്രകാരം പെരുമ്പാവൂർ നഗരസഭാ ചെയർപേഴ്സൻ ആവശ്യപ്പെട്ടിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പെരുമ്പാവൂർ നഗരസഭാ ചെയർപേഴ്സൺ ഉപയോഗിച്ച് വന്നിരുന്ന KL - 7 - 40 - E - 3003 നമ്പർ അംബാസിഡർ കാർ ലേലം ചെയ്തതിനാലും ചെയർപേഴ്സന് ഔദ്യോഗിക ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് മറ്റു സംവിധാനം ഇല്ലാത്തതിനാലും സർക്കാർ അനുമതി പ്രതീക്ഷിച്ച് വാഹനത്തിന്റെ വില 12,98,023/- രൂപയും രജിസ്ട്രേഷൻ ഫീസ് 1,31,470/- രൂപയും അഡീഷണൽ ഫിറ്റിംഗ് 90,390/- രൂപയും ചേർത്ത് ആകെ **15,19,883/- രൂപ** (പതിനഞ്ച് ലക്ഷത്തി പത്തൊൻപതിനായിരത്തി എണ്ണൂറ്റി എൻപത്തി മൂന്ന് രൂപ മാത്രം) ചെലവഴിച്ച് Govt. E-Market വഴി പെരുമ്പാവൂർ നഗരസഭ ചെയർമാന് വാഹനം വാങ്ങിയ നടപടിയ്ക്ക് സാധൂകരണം നൽകി ഉത്തരവാകുന്നു.സർക്കാർ അനുമതിയില്ലാതെ ഇപ്രകാരം കൂടിയ

വിലയ്ക്ക് വാഹനം വാങ്ങാൻ പാടുള്ളതല്ലയെന്നും ആയത് സർക്കാർ ഗൗരവമായി വീക്ഷിക്കുന്നതാണെന്നും കൂടി അറിയിക്കുന്നു .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പാറ്റ്സി സ്റ്റീഫന്
ജോയിന്റ് സെക്രട്ടറി

പകർപ്പ്

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ചെയർപേഴ്സൺ/സെക്രട്ടറി, പെരുമ്പാവൂർ നഗരസഭ

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ്ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ